# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM P5/205/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 02/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM P5/205/22 തീയ്യതി: 02/06/2022

## കൊല്ലം ജില്ലയിലെ അദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി എം .ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 03-01-2022 | 12-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-01-2022 | 12-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശശിജോഷ്.,ഓഡിറ്റ്.ഓഫീസർ
ശ്രീമതി.മഞ്ജുളാ സാഗർ,അസി.ഓഡിറ്റ്.ഓഫീസർ
ശ്രീമതി.ഷീജ.ആർ, അസി.ഓഡിറ്റ്.ഓഫീസർ
ശ്രീമതി.ഹർഷ.എൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുഭാഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ബിജു.സി നായർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.അൻവർ റഹ്മാൻ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.അനീസ് ബഷീർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ആഷിയോ എം ദാസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.പ്രദീപ് കുമാർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദു.വി | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സിമി സാരംഗ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.അജയകുമാർ.പി | അസി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ.വീണാരാജ് | മെഡിക്കൽ ഓഫീസർ. (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ.വിനോദ്.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.ആദർശ്.ജി.എസ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രശ്മി | വി.ഇ.ഒ(സർക്കിൾ 1 ) | 01-04-2019 | 31-07-2019 |
| ശ്രീമതി.ശിൽപ ഭദ്രൻ | വി.ഇ.ഒ(സർക്കിൾ 1 ) | 01-08-2019 | 12-11-2019 |
| ശ്രീമതി.നിഷ | വി.ഇ.ഒ(സർക്കിൾ 1 ) | 13-11-2019 | 17-01-2020 |
| ശ്രീ.സുജിത്ത് | വി.ഇ.ഒ(സർക്കിൾ 1 ) | 18-01-2020 | 20-02-2020 |
| ശ്രീമതി.രചന റ്റി.ആർ | വി.ഇ.ഒ(സർക്കിൾ 1 ) | 21-02-2020 | 31-03-2020 |
| ശ്രീമതി.ശിൽപ ഭദ്രൻ | വി.ഇ.ഒ(സർക്കിൾ 2 ) | 01-04-2019 | 31-03-2020 |
| ശ്രീ.സുജിത്ത് | വി.ഇ.ഒ(സർക്കിൾ 3) | 01-04-2019 | 12-11-2019 |
| ശ്രീമതി.നിഷ | വി.ഇ.ഒ(സർക്കിൾ 3) | 13-11-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Harsha L (Auditor, On 07-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Manjula Sagar (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Manjula Sagar (Asst. Audit Officer, On 19-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Manjula Sagar (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Manjula Sagar (Asst. Audit Officer, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A.Sasijosh (Audit Officer, On 07-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: R.Sheeja (Asst. Audit Officer, On 07-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 24-05-2022) | 1-7 |
| 9 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: R.Sheeja (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 1-7-1 |
| 10 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്നു<br>Written By: R.Sheeja (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 1-7-2 |
| 11 | ക്യാഷ് പരിശോധന<br>Written By: Harsha L (Auditor, On 07-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Harsha L (Auditor, On 13-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A.Sasijosh (Audit Officer, On 07-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-10 |
| 14 | ഡെയിലി കളക്ഷൻ തുക ഒടുക്കിയതിൽ കുറവ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി.<br>Written By: Harsha L (Auditor, On 12-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-11 |
| 15 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി<br>Written By: Harsha L (Auditor, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-12 |
| 16 | തനത് വരുമാനം നിക്ഷേപിക്കുന്നതിന് രണ്ട് ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Harsha L (Auditor, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 1-13 |
| 17 | പെർമിറ്റ് ഫീസ് ഈടാക്കിയില്ല.<br>Written By: Harsha L (Auditor, On 21-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-14 |

| | | |
|---|---|---|
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Manjula Sagar (Asst. Audit Officer, On 19-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 1-15 |
| 19 | നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് കറണ്ട് ചാർജ് നൽകുന്നു<br>Written By: R.Sheeja (Asst. Audit Officer, On 13-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-16 |
| 20 | ബഡ്സ് റിസോഴ്സ് സെന്റർ ആരംഭിച്ചില്ല - 12,50,000/-രൂപ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല.<br>Written By: R.Sheeja (Asst. Audit Officer, On 15-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-17 |
| 21 | കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി യിൽ 53117/-രൂപ ഒടുക്കുവരുത്തി - രേഖകൾ ഹാജരാക്കിയില്ല<br>Written By: R.Sheeja (Asst. Audit Officer, On 15-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-18 |
| 22 | രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.<br>Written By: Manjula Sagar (Asst. Audit Officer, On 19-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-19 |
| 23 | സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ - തുടർ നിരീക്ഷണമില്ല - പദ്ധതിപ്പണം പാഴ്ചെലവാകുന്നു.<br>Written By: Manjula Sagar (Asst. Audit Officer, On 19-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-20 |
| 24 | എസ്.എസ്.എ വിഹിതം - തുടർ നിരീക്ഷണമില്ല.<br>Written By: Manjula Sagar (Asst. Audit Officer, On 19-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-21 |
| 25 | മൊബൈൽ ടവറുകളുടെ വസ്തു നികുതി - കുടിശ്ശിക ബാക്കി നിൽക്കുന്നു<br>Written By: Harsha L (Auditor, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-22 |
| 26 | കാലിബാരൽ വില ഈടാക്കിയത് സഞ്ചിത നിധിയിൽ ഒടുക്കിയിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 10-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 1-23 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള സാമൂഹ്യ ആസ്തികളുടെ നിർമ്മാണം - പർച്ചേസ് മാനദണ്ഡങ്ങൾ പാലിയ്ക്കുന്നില്ല.<br>Written By: A.Sasijosh (Audit Officer, On 10-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ - തുടർ നിരീക്ഷണമില്ല - പദ്ധതിപ്പണം പാഴ്ചെലവാകുന്നു.<br>Written By: Bini Chandran S (Computer Assistant, On 25-05-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 13-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 13-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 13-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manjula Sagar (Asst. Audit Officer, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: R.Sheeja (Asst. Audit Officer, On 10-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: R.Sheeja (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: R.Sheeja (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: R.Sheeja (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: R.Sheeja (Asst. Audit Officer, On 08-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22.02.2019 തീയതിയിലെ l(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 12.03.20 തീയതിയിലെ 4-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.06.2020 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) KURDFC -LOAN- RP32 പ്രകാരം തൻവർഷ വരവും RP-45 പ്രകാരം തൻവർഷ ചെലവും 43,24,000/-രൂപയാണ്. എന്നാൽ 43,24,000/-രൂപയിൽ 40,00,000/-രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടാണ്.

2) CANARA BANK-OWN FUND -BANK Reconciliation Statement - വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് തുക 24,176,611/-രൂപയാണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 21,317,811/-രൂപയാണ്. റിക്കൺസീലിയേഷൻ നടത്തിയിരിക്കുന്നത് ഈ തുകയുമായാണ്.
3) B-11(a)- Capital Work In Progress – ആസ്തിയായി മാറിയതായി എ.ഇ യുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.
4) B-18- Advance To Implementing Agencies – Deposit With Kerala Water Authority -1,55,972/-രൂപയുടെ വിശദാംശങ്ങൾ. ഏത് വർഷം നൽകിയെന്നോ ഏത് പദ്ധതി പ്രകാരം നൽകിയെന്നോ വ്യക്തമല്ല.
5) MGNREGS - വാർഷിക ധനകാര്യ പത്രികയിലെ വരവും ചെലവും തമ്മിലുള്ള വ്യത്യാസം (നീക്കിയിരിപ്പ്) 3,49,713/-രൂപ. എന്നാൽ RP-40(B) പ്രകാരം നീക്കിയിരിപ്പ് 0.
6) B-15- വസ്തു നികുതി, വാർഷിക ധനകാര്യ പത്രികയും സഞ്ചയ സ്റ്റേറ്റ്മെൻറും പൊരുത്തപ്പെടുന്നില്ല.
7) ഡെപ്പോസിറ്റ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
8) സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സംയുക്ത പ്രോജക്റ്റിന്റെ വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,36,58,975/- |
| വരവ് | 8,15,50,059/- |
| ആകെ | 11,52,09,034/- |
| ചെലവ് | 7,09,85,443/- |
| നീക്കിയിരിപ്പ് | 4,42,23,591/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25,297/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,12,822/- |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക | കൃൂബിൽ വിശദാംശങ്ങൾ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16591990/- | 16591990/- | 16242540/- | 349450/- | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10530001/- | 10530001/- | 5664657/- | 4865344/- | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | - | - | - | - | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 12676125/- | 12676125/- | 7108581/- | 5567544/- | |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 9434000/- | 9434000/- | 4453257/- | 4980743/- | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 4887000/- | 4887000/- | 4149091/- | 737909/- | |

| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 400000/- | 400000/- | 400000/- | 0 |
| വിമുക്തി | 30/- | 12500/- | 12530/- | 12530/- | 0 |
| MGNREGS ഭരണചെലവുകൾ | 10862/- | 1530824/- | 1541686/- | 1541686/- | 0 |
| ICDS | 1117157/- | 1088196/- | 2205353/- | 988469/- | 1216884/- |
| സാക്ഷരത | 66929/- | 1300/- | 68229/- | 0 | 68229/- |
| ലൈബ്രറിഗ്രാന്റ് | 19550/- | 15580/- | 35130/- | 0 | 35130/- |
| കേരളോത്സവം | - | 20000/- | 20000/- | 20000/- | 0 |
| ശുചിത്വമിഷൻ | 827543/- | 0 | 827543/- | 55000/- | 772543/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 1216241/- | 922426/- | 2138667/- | 1028717/- | 1109950/- |
| TSC | 2941971/- | 190000/- | 3131971/- | 190000/- | 2941971/- |

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസനഫണ്ട് ജനറൽ, എസ്.സി.പി, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (തുക) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 110484916/- | 94 | 48082212/- | 3 | 78 | 54% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10862/- | 1530824/- | 1541686/- | 1541686/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 24961468/- | 24961468/- | 24961468/- | - |
| | | | | | |

ഭരണചെലവുകളുടെ നീക്കിയിരുപ്പ് വാർഷിക ധനകാര്യപത്രികയിൽ “0” എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 243840/- | 203 |
| കർഷകതൊഴിലാളി പെൻഷൻ | 781200/- | 405 |
| വിധവാപെൻഷൻ | 8446200/- | 4603 |
| വാർദ്ധക്യകാലപെൻഷൻ | 14374800/- | 7890 |
| വികലാംഗപെൻഷൻ | 2762200/- | 1397 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർ | 139800/- | 72 |
| വിവാഹ ധനസഹായം | 270000/- | 9 |

### 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ പെൻഷണറുടെ മരണശേഷവും പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക(രൂപ) |
|---|---|---|---|---|---|---|
| 1 | ലക്ഷ്മിക്കുട്ടി | വാർദ്ധക്യകാല പെൻഷൻ | 103630202439 | 01.04.19 | 5/19-7/19 | 1800/- |
| 2 | തങ്കച്ചൻ | വാർദ്ധക്യകാല പെൻഷൻ | 103630202584 | 02.04.19 | 5/19-7/19 | 1800/- |
| 3 | സരസ്വതിഅമ്മ | വിധവാ പെൻഷൻ | 103620600957 | 19.02.20 | 3/20-4/20 | 2600/- |
| 4 | ബാബു | വാർദ്ധക്യകാല പെൻഷൻ | 103630201567 | 17.03.19 | 4/19 - 7/19 | 4800/- |
| 5 | അബ്ദുൾസമദ് | വാർദ്ധക്യകാല പെൻഷൻ | 103630202450 | 20.04.19 | 5/19-7/19 | 3600/- |
| 6 | പൊന്നമ്മയമ്മ | വിധവാ പെൻഷൻ | 103630600676 | 21.04.19 | 5/19-7/19 | 3600/- |
| 7 | ആനന്ദവല്ലിയമ്മ | വിധവാ പെൻഷൻ | 103630601452 | 23.03.19 | 4/19 | 1200/- |
| 8 | രാജേന്ദ്രൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 103630203131 | 12.06.19 | 7/19 | 1200/- |
| 9 | ശാന്ത | വിധവാ പെൻഷൻ | 103630600904 | 14.06.19 | 7/19 | 1200/- |
| 10 | ശശിധരൻപിള്ള | വികലാംഗ പെൻഷൻ | 103630400348 | 17.06.19 | 7/19 | 1200/- |
| 11 | നളിനി | വാർദ്ധക്യകാല പെൻഷൻ | 103630201434 | 19.06.19 | 7/19 | 600/- |
| 12 | ബാലകൃഷ്ണൻ | വാർദ്ധക്യകാല പെൻഷൻ | 103630201030 | 04.01.20 | 2/20 - 4/20 | 4500/- |
| 13 | ജൂലിയസ് | കർഷകതൊഴിലാളി പെൻഷൻ | 103630100176 | 25.01.20 | 2/20 - 4/20 | 3600/- |
| 14 | കമലമ്മ | വാർദ്ധക്യകാല | 103630201585 | 25.01.20 | 2/20 - 9/21 | 12000/- |

| | | | | | | |
|---|---|---|---|---|---|---|
| | | പെൻഷൻ | | | | |
| | | | | | ആകെ | 43700/- |

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ തുക ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ഇനത്തിൽ വിതരണം ചെയ്യാനുള്ള സാധ്യത കാണുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. മരണശേഷം അനുവദിച്ച പെൻഷൻ തുക 43700/-രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 9/19-20, 07.01.22

## 1-7-2 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്നു

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക(രൂപ) |
|---|---|---|---|---|
| 1 | ശ്രീമതി.ശാരദ.കെ, മുള്ളഴികത്ത് വീട്, ആദിച്ചനല്ലൂർ പി.ഒ | 103630100291 | 4/2015 - 4/2019 | 48400/- |
| 2 | ശ്രീമതി. സിസോമ്മ മൈക്കിൾ, മൂത്തമ്മസദനം, വടക്കേ മൈലക്കാട് | 1036301003111 | 4/2015 - 9/2019 | 52600/- |
| 3 | ശ്രീമതി.ത്രേസ്യാമ്മ ജോൺ, പുത്തൻവീട്, നോർത്ത് മൈലക്കാട് | 103630200487 | 4/2015 - 4/2019 | 81900/- |
| 4 | ശ്രീ.ആനന്ദൻ, പടിഞ്ഞാറേ പാലവിള, ആദിച്ചനല്ലൂർ പി.ഒ | 103630200636 | 4/2015 - 4/2019 | 71400/- |
| 5 | ശ്രീമതി.തങ്കമണി അമ്മ, ബിന്ദു ഭവൻ, ഇത്തിക്കര | 103630200996 | 4/2015 - 7/2019 | 58300/- |
| 6 | ശ്രീമതി.വസുമതി, ശ്രുദേവം, കുമ്മല്ലൂർ | 103630201205 | 4/2015 - 4/2019 | 54700/- |
| 7 | ശ്രീമതി.ലളിത, സിന്ധു നിവാസ്, സിത്താരാ ജംഗ്ഷൻ | 103630201266 | 4/2015 - 4/2019 | 54700/- |
| 8 | ശ്രീമതി.തങ്കമ്മ.എം, പടിഞ്ഞാറേ പുത്തൻവീട്, കട്ടച്ചൽ | 103630202046 | 7/2016 - 6/2020 | 52100/- |
| 9 | ശ്രീമതി.യശോധ, കനവ്, കൊട്ടിയം | 103630202118 | 7/2016 - 7/2019 | 44200/- |
| 10 | ശ്രീമതി.ഏലിക്കുട്ടി, ചരുവിള വീട്, ആദിച്ചനല്ലൂർ പി.ഒ | 103630202441 | 9/2016 - 9/2019 | 22200/- |
| 11 | ശ്രീമതി.ഉഷ.എൽ, ശോഭനാസദനം, പ്ലാക്കാട് | 103630400292 | 4/2015 - 4/2020 | 67300/- |
| 12 | ശ്രീമതി.സാറാമ്മ, ചരുവിള പുത്തൻവീട്, കൈതക്കുഴി | 103630600103 | 4/2015 - 4/2020 | 67300/- |

| | | | | |
|---|---|---|---|---|
| 13 | ശ്രീമതി.തങ്കം.എ.ആർ, ചാരുപൊയ്ക വടക്കതിൽ, ആദിച്ചനല്ലൂർ പി.ഒ | 103630600225 | 4/2015 - 4/2019 | 52800/- |
| 14 | ശ്രീമതി.തുളസീഭായി, തട്ടാന്റഴികം, ആദിച്ചനല്ലൂർ പി.ഒ | 103630601536 | 2/2015 - 4/2020 | 70500/- |
| 15 | ശ്രീമതി.ലീലാമ്മ അലക്സാണ്ടർ, കുറ്റിച്ചിറ കന്നിമേൽവീട്, കുമ്മല്ലൂർ | 103630601706 | 7/2016 - 9/2019 | 40000/- |
| | | | ആകെ | 8,38,400/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ 8,38,400/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 7/19-20, 06-01-2022

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2022 ന് സ്ഥാപനതലവന്റെ/ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1106/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്തണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമചുമതലകളും സാമ്പത്തിക വികസനപ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണസംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല. മാത്രവുമല്ല 2019-20 സാമ്പത്തിക വർഷത്തെ ബിൽ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.12.21 മുതൽ 31.12.21 | 01.04.21 മുതൽ 30.09.21 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.09.2018 മുതൽ 19.09.2018 | 2017-18 | 26.10.2018 |

1-11 ഡെയിലി കളക്ഷൻ തുക ഒടുക്കിയതിൽ കുറവ് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി.

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ഔട്ട്ഡോർ കളക്ഷൻ രസീതുകൾ പരിശോധിച്ചതിൽ രസീത് ബുക്ക് 50103-ലെ രസീത് നമ്പർ 68 പ്രകാരം വരവ് വന്ന 2785/- രൂപയ്ക്ക് പകരം 2185/- രൂപയാണ് ഒടുക്കിയിട്ടുള്ളത്. 600/- രൂപ കുറവ് വന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 07/01/22-തീയതിയിൽ 1210105005-ആം നമ്പർ രസീത് പ്രകാരം തുക ഒടുക്ക് വരുത്തിയിട്ടുണ്ട്. ക്ലറിക്കൽ പിഴവ് മൂലമാണ് ഇത്തരത്തിൽ സംഭവിച്ചത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സെക്രട്ടറി വിശദീകരിക്കുന്നത്. പണം ഒടുക്കുവരുത്തുന്ന വേളയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ഔട്ട്ഡോർ രജിസ്റ്ററുകൾ പരിശോധന നടത്തി അപാകതകൾ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.01/6.1.22

1-12 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി

2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ള സ്ഥാപനം ഏത് മേഖലയിൽപ്പെടുന്നതാണെന്നോ (ഉൽപ്പാദനം, സേവനം), ആയതിന്റെ മൂലധന നിക്ഷേപം എത്രയെന്നോ വ്യക്തമാക്കാതെ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയ പഴയ മാതൃകയിലുള്ള ഫോറത്തിലാണ് ഭൂരിഭാഗം അപേക്ഷകരും ലൈസൻസിനായി അപേക്ഷിച്ചിരിക്കുന്നത്.
2) അപേക്ഷ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ സ്ഥാപനം ഏത് മേഖലയിൽപ്പെടുന്നതാണെന്നോ, മൂലധന നിക്ഷേപം തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല.
3) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 7 ലെ പട്ടിക II-ൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടുന്ന വാർഷിക ലൈസൻസ് ഫീസ് എത്രയെന്ന് വ്യക്തമാക്കുന്നുണ്ട്.
മൂലധന നിക്ഷേപം വ്യക്തമാക്കിയ സ്ഥാപനങ്ങളിൽ നിന്ന് അവയുടെ മേഖലയോ, ഗണമോ പരിഗണിക്കാതെ കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ/ വിലാസം | ലൈസൻസിന്റെ സ്വഭാവം | മൂലധന നിക്ഷേപം | ഈടാക്കേണ്ട തുക (രൂപ) | ഈടാക്കിയ തുക (രൂപ) | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്കിയ തുക രസീത് നമ്പർ/തീയതി |
|---|---|---|---|---|---|---|
| 1 | 15/557 ഡോ. മുഹമ്മദ് നസീർ, കിംസ് കൊല്ലം മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | ആശുപത്രി/സേവന മേഖല | 59.50 കോടി | 15000/- | 10000/- | 5000/- 1210105230/ 19.01.22 |
| 2 | 15/957 ഡോ.എം.ഐ സഹദുള്ള, ചെയർമാൻ, കിംസ് കൊല്ലം മൾട്ടി സ്പെഷ്യാലിറ്റി | ആശുപത്രി/സേവന മേഖല | 59.50 കോടി | 15000/- | 10000/- | 5000/- 1210105231/ 19.01.22 |

| | | | | | | |
|---|---|---|---|---|---|---|
| | ഹോസ്പിറ്റൽ | | | | | |
| 3 | 14/449 അഡ്മിനിസ്ട്രേറ്റർ, ഹോളിക്രോസ്സ് കോൺവെന്റ്, കൊട്ടിയം | ആശുപത്രി/സേവന മേഖല | 6.710 കോടി | 15000/- | 4000/- | 11000/- 1210105212/ 17.01.22 |
| 4 | 14/1014 മാമ്മൻ മാത്യു, ചീഫ് എഡിറ്റർ & മാനേജിംഗ് ഡയറക്ടർ, മലയാള മനോരമ | ഉല്പാദന മേഖല (പ്രിന്റിംഗ് & പബ്ലിഷിംഗ് ന്യൂസ് പേപ്പർ) | 27.20 കോടി | 15000/- | 4000/- | 11000/- 1210105215/ 17.01.22 |

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും, സുഗമമാക്കലും ആക്ട് (The Kerala Investment Promotion And Facilitation Act-2018) നിലവിൽ വന്നതിനാൽ പരിഷ്കരിച്ച ഫോറത്തിൽ അപേക്ഷകൾ സ്വീകരിച്ച് ചട്ടങ്ങളിൽ നിർദ്ദേശിക്കും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13/12.1.22

1-13 തനത് വരുമാനം നിക്ഷേപിക്കുന്നതിന് രണ്ട് ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിരിക്കുന്നു.

2019-20-ലെ വാർഷിക ധനകാര്യപത്രിക RP-40(b) പ്രകാരം കാനറബാങ്കിന്റെ തനത് ഫണ്ട് അക്കൌണ്ടിൽ (A/C നം: 1548101031978) 24176611/- രൂപയും, ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (A/C നം: 001001015872) 9049383/- രൂപയും ബാലൻസ് നിൽക്കുന്നുണ്ട്.

സർക്കുലർ നം: 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ. തീയതി 26-05-2011 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രെഷറി അക്കൗണ്ടിന് പുറമെ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലൊ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലൊ മാത്രം നിക്ഷേപിക്കണമെന്ന് നിർദേശിച്ചിരിക്കെ രണ്ട് തനത് ഫണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/6.1.22

1-14 പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

ഒന്നാം വാർഡിലെ 708-ആം നമ്പർ വാസഗൃഹം ശ്രീമതി. ഷഫ്ന, ആസിയ മൻസിൽ, കുട്ടിക്കട എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണ്. 2019-20 സാമ്പത്തികവർഷം ടി കെട്ടിടത്തിന്റെ (194.41 $M^2$) നികുതി 6/-രൂപ നിരക്കിൽ അസ്സസ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. എന്നാൽ ടിയാന്റെ അസ്സസ്മെന്റ് ഫയൽ പരിശോധിച്ചപ്പോൾ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടമായതിനാൽ പെർമിറ്റ് നിരക്കിന്റെ (3/-) മൂന്നിരട്ടി ക്രമവൽക്കരണ ഫീസ് (194.41*9 = 1750/-രൂപ) വാങ്ങി കെട്ടിടത്തിന് നമ്പർ നൽകുവാൻ അനുമതി നല്കിയിട്ടുണ്ടെങ്കിലും ഫീസ് അടച്ചതിന്റെ രേഖകൾ കാണാൻ സാധിച്ചില്ല. ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവൽക്കരണ ഫീസ് ഈടാക്കി ഒടുക്ക് വരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 14/12.01.22

1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ചുവടെ പരാമർശിക്കുന്ന സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

1. എസ്.0008/20-ഐ.കെ.എം വിഹിതം- ഐ.കെ.എം-ന് നൽകിയത്

അടങ്കൽ- 1,00,473/- (വികസന ഫണ്ട് -ജനറൽ)

ചെലവ്- 1,00,473/- (ബിൽ നം.3/19-20, 13.8.2019)

2. എസ്.0009/20- ജീവനം ( ജില്ലാപഞ്ചായത്ത് വിഹിതം)

അടങ്കൽ- 50,000/-രൂപ ( വികസന ഫണ്ട്)

ചെലവ്- 50,000/-രൂപ (ബിൽ നം.5/19-20, 1.8.2019)

ഈ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 2/6.1.22

1-16 നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് കറണ്ട് ചാർജ് നൽകുന്നു

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് ഇനത്തിൽ പ്രതിമാസം 1,83,879/-രൂപാ വരെ 2019-20 വർഷത്തിൽ ഒടുക്കിയതായി വൗച്ചറുകളുടെ പരിശോധനയിൽ വ്യക്തമാവുന്നു. പ്രസ്തുത തുകയിൽ പഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിലില്ലാത്ത ഓർഡിനറി ബൾബുകൾക്കുള്ള വൈദ്യുതിച്ചാർജ്ജും ഉൾപ്പെടുന്നതായി കെ.എസ്.ഇ.ബി നൽകിയിരിക്കുന്ന സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു.
കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക്കൽ സെക്ഷൻ, കൊട്ടിയം നൽകിയ തെരുവ് വിളക്കുകളുടെ താരിഫ് കാർഡ് പ്രകാരം (1348-ാം നമ്പർ കൺസ്യൂമർ നമ്പർ) നിലവിലുള്ള തെരുവുവിളക്കുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | എണ്ണം | പ്രകാശിക്കുന്ന സമയം |
|---|---|---|
| എസ് വി ലാമ്പ് | 250 | 12 മണിക്കൂർ |
| എസ് വി ലാമ്പ് ഓൺസെമിഹൈമാസ് | 250 | 12 മണിക്കൂർ |
| സി.എഫ്.എൽ 18 | 116 | 12 മണിക്കൂർ |
| സി.എഫ്.എൽ 22 | 70 | 12 മണിക്കൂർ |
| സി.എഫ്.എൽ 2 X 11 | 5 | 12 മണിക്കൂർ |
| എൽ.ഇ.ഡി 90 | 39 | 12 മണിക്കൂർ |
| ഫ്ലൂറസെന്റ് ട്യൂബ് 2 X 40 | 322 | 12 മണിക്കൂർ |
| ഫ്ലൂറസെന്റ് ട്യൂബ് 1 X 40 | 213 | 12 മണിക്കൂർ |
| ഓർഡിനറി 1 X 100 | 10 | 12 മണിക്കൂർ |
| ഓർഡിനറി 1 X 60 | 275 | 12 മണിക്കൂർ |
| ഓർഡിനറി 1 X 40 | 760 | 12 മണിക്കൂർ |

മേൽ റിപ്പോർട്ട് പ്രകാരം 1045 സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതായി കണക്കാക്കി പ്രതിമാസം 88120/-രൂപ കെ.എസ്.ഇ.ബി-യ്ക്ക് നൽകുന്നുണ്ട്. എന്നാൽ നിലവിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ലായെന്ന് തെരുവുവിളക്കുകൾക്കായുള്ള വാങ്ങലുകളിൽ നിന്നും വ്യക്തമാവുന്നു. തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ, എത്ര യൂണിറ്റ് ഉപയോഗിക്കുന്നുവെന്നോ യാതൊരു ആധികാരിക രേഖയും ഇല്ലാതെ കെ.എസ്.ഇ.ബിയുടെ ഡിമാന്റിനെ മാത്രം അടിസ്ഥാനമാക്കിയാണ് തുക എല്ലാ മാസവും ഒടുക്കുന്നത്. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന്റെ നടപടികൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാതെവരുന്നു. പ്രസ്തുത സാഹചര്യത്തിൽ കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ബഡ്സ് റിസോഴ്സ് സെന്റർ ആരംഭിച്ചില്ല - 12,50,000/-രൂപ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല.

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 18.09.2018 ലെ 3807/k2/17/ksklm ഉത്തരവു പ്രകാരം ആദിച്ചനല്ലൂർ പഞ്ചായത്തിൽ ബഡ്സ് റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിനായി ആദ്യഘട്ടത്തിൽ 12,50,000/- രൂപ അനുവദിച്ചിരുന്നു. ആയത് 23.02.2019 ൽ TSBA/C (Own Fund) 594 ൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായെങ്കിൽ മാത്രമേ അടുത്ത ഗഡു അനുവദിക്കുകയുള്ളൂ എന്ന് മേൽ

ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് പ്രകാരം തുക അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ ബഡ്സ് റിസോഴ്സ് സെന്റർ ആരംഭിക്കേണ്ടതാണെന്നും, അനുവദിച്ച തുക വക മാറ്റി ചെലവഴിക്കാനോ അക്കൗണ്ടിൽ പാർക്ക് ചെയ്യുവാനോ പാടില്ല എന്നും, അനുവദിച്ച തുക താഴെ പറയുന്ന അടിസ്ഥാന ആവശ്യങ്ങൾക്ക് മാത്രമായി വിനിയോഗിക്കുന്നു എന്ന് കൃത്യമായി ഉറപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

1. പഠനസാമഗ്രികൾ വാങ്ങുന്നതിന്

2. ബഡ്സ് സ്ഥാപനം വാടക കെട്ടിടത്തിലാണെങ്കിൽ വാടക അനുവദിക്കുന്നതിന് ( പരമാവധി 6 മാസം )

3. വിദ്യാർത്ഥി സൗഹൃദ മേശയും കസേരയും വാങ്ങുന്നതിന്

4. സ്ഥാപനത്തിൽ വിദ്യാർത്ഥി സൗഹൃദ റാമ്പ്, റയിൽ മുതലായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്

5. വിദ്യാർത്ഥികൾക്കുള്ള വിനോദ ഉപാധികളായി ടെലിവിഷൻ, പ്രൊജക്ടർ എന്നിവ വാങ്ങുന്നതിന്

6. തെറാപ്യൂട്ടിക് ഉപകരണങ്ങൾ വാങ്ങുന്നതിന്

7. സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിന്

എന്നാൽ ആദിച്ചനല്ലൂർ പഞ്ചായത്തിൽ നാളിതുവരെ ബഡ്സ് റിസോഴ്സ് സെന്റർ ആരംഭിച്ചിട്ടില്ല. മാത്രവുമല്ല, ടി തുക ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാഞ്ഞതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ബാക്കി ഗഡുവായ 12,50,000/-രൂപയും ലഭിച്ചില്ല. ആദിച്ചനല്ലൂർ പഞ്ചായത്തിലെ 4-ാം വാർഡിൽ പ്രവർത്തിക്കുന്ന സ്നേഹ സ്പർശം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ടി സ്ഥാപനത്തിലെ 27 കുട്ടികൾക്ക് അവരുടെ ശാരീരികവും മാനസികവുമായ ബുദ്ധിവികാസത്തിന് അനുയോജ്യമായ തെറാപ്യൂട്ടിക് ഉപകരണങ്ങൾ നിശ്ചയിച്ച് നൽകുന്നതിന് 24.02.2020ൽ മെഡിക്കൽ ഓഫീസർക്ക് കത്ത് അയച്ചിരുന്നുവെന്നും, എന്നാൽ തുടർന്ന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ലായെന്നും, ഈ സാഹചര്യത്തിലാണ് കുടുംബശ്രീയിൽ നിന്നും അനുവദിച്ച തുക ചെലവഴിക്കാൻ കഴിയാതിരുന്നതെന്നുമാണ് മറുപടി നൽകിയത്. പ്രസ്തുത സാഹചര്യത്തിൽ, കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുകയുടെ വിനിയോഗവിവരം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക തിരികെ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 6/20-21, 06.01.2022

1-18 കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി യിൽ 53117/-രൂപ ഒടുക്കുവരുത്തി - രേഖകൾ ഹാജരാക്കിയില്ല

കെ.എസ്.ഇ.ബി യുടെ 2.5.19 ലെ 4518190501855-ാം നമ്പർ ബില്ല് പ്രകാരം Arrears (Undisputed) ഇനത്തിൽ 53117/-രൂപ ചെക്ക് നമ്പർ.5319257/22.05.19 പ്രകാരം കെ.എസ്.ഇ.ബി യിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. പ്രോജക്ട് നമ്പർ.152/14-15 പ്രകാരമുള്ള കുടിശ്ശികയിനത്തിലാണ് 53117/-രൂപ കെ.എസ്.ഇ.ബി യിൽ ഒടുക്കുവരുത്തുന്നതെന്ന് പ്രസ്തുത ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും ആയതിനെ സാധൂകരിയ്ക്കുന്ന യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് നമ്പർ.152/14-15 സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ എൻക്വയറി മുഖാന്തിരം (നമ്പർ 10/20-21, 10.01.2022) ആവശ്യപ്പെട്ടെങ്കിലും യാതൊരു വിവരങ്ങളും ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ ആധികാരികത ഉറപ്പുവരുത്താൻ കഴിയുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി യിൽ ഒടുക്കുവരുത്തിയ 53117/-രൂപ ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/19-20, 10.1.2020

1-19 രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി – എസ്.0044/20- തെരുവ് വിളക്ക് പരിപാലനം - അടാട്ട് മാതൃക

അടങ്കൽ- 4,00,000/-രൂപ (സി.എഫ്.സി ഗ്രാന്റ്)

ചെലവ്- 3,85,000/-രൂപ
നിർവഹണം- സെക്രട്ടറി
സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയ്ക്കായി ഏപ്രിൽ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള മാസങ്ങളിൽ 15000/-രൂപ ഇലക്ട്രീഷ്യന്റെ വേതനവും, 20000/-രൂപ വാഹന വാടകയും ഉൾപ്പെടെ 35000/-രൂപ വീതം പ്രതിമാസം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രീഷ്യനെ നിയമിച്ചതിന്റെയും വാഹനം വാടകയ്ക്കെടുത്തതിന്റെയും ടെന്റർ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

| ബിൽ നം./തീയതി | തുക (രൂപ) |
|---|---|
| 2/19-20,17.7.2019 | 70,000/- |
| 6/19-20, 8.8.2019 | 35,000/- |
| 8/19-20,3.9.2019 | 35,000/- |
| 9/19-20, 1.11.2019 | 35,000/- |
| 19/19-20, 1.11.2019 | 35,000/- |
| 20/19-20, 2.12.2019 | 35,000/- |
| 26/19-20, 4.1.2020 | 35,000/- |
| 28/19-20, 1.2.2020 | 35,000/- |
| 42/19-20, 31.3.2020 | 35,000/- |
| 44/19-20, 31.3.2020 | 35,000/- |

പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി.2-44274/2015 നം. ഉത്തരവിൽ അനുശാസിക്കും വിധം കംപ്ലെയിന്റ് രജിസ്റ്റർ, ഒരു ദിവസം 15 നും 20 നും ഇടയ്ക്ക് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുവോയെന്ന് ഉറപ്പ വരുത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,85,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 2/6.1.22

1-20 സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ - തുടർ നിരീക്ഷണമില്ല - പദ്ധതിപ്പണം പാഴ്ചെലവാകുന്നു.

പദ്ധതി – എസ്.0148/20- ഹോമിയോ ആശുപത്രി, മൈലക്കാട് ഇറക്കം, ഇത്തിക്കര – ക്യാമറ സ്ഥാപിക്കൽ

അടങ്കൽ- 3,00,000/-രൂപ ( സി.എഫ്.സി ഗ്രാന്റ് )

ചെലവ്- 3,00,000/-രൂപ (ബിൽ നം.27/19-20, 22.1.2020

നിർവഹണം- സെക്രട്ടറി

ആദിച്ചനല്ലൂർ, മൈലക്കാട് ഇറക്കം, ഇത്തിക്കര എന്നിവിടങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി ക്യാമറ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ റൂറൽ സബ് ഡിവിഷൻ, തിരുവനന്തപുരം, എ.ഇ യുടെ E.R.E1/1218/2019 നം. എസ്റ്റിമേറ്റ് പ്രകാരം 3,00,000/-രൂപ ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. A1/1147/ED TVM/2020, 4.1.2020 നം. വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2,74,705/-രൂപയാണ് ആകെ ചെലവ്. ബാക്കി തുകയായ 25,297/-രൂപ തിരികെ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് തിരികെ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുമില്ല.

2. ഹോമിയോ ആശുപത്രിക്ക് സമീപം, ഇത്തിക്കര പാലം, മൈലക്കാട്, കണ്ണനല്ലൂർ റോഡ്, തഴുത്തല ഗവ.ഹോസ്പിറ്റൽ എന്നിവിടങ്ങളിലാണ് എസ്റ്റിമേറ്റ് പ്രകാരം ക്യാമറ സ്ഥാപിച്ചിട്ടുള്ളത്. സി.സി.റ്റി.വി ക്യാമറാ സംവിധാനത്തിന്റെ മോണിറ്ററിംഗ്, നിരീക്ഷണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല.

3. നിരീക്ഷണ ക്യാമറ സ്ഥാപിച്ച മൈലക്കാട് ഇറക്കം, ഇത്തിക്കര എന്നീ സ്ഥലങ്ങളിൽ 10.1.2022 തീയതിയിൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ മൈലക്കാട് ഇറക്കം ഭാഗത്ത് സി.സി.ടി.വി യുടെ ഡി.വി.ആർ കണക്ഷൻ നൽകിയിട്ടുള്ള സമീപത്തെ വെൽഡിംഗ് വർക് ഷോപ്പ് പൂട്ടിയിട്ടിരിക്കുന്ന നിലയിൽ കണ്ടെത്തി. ഈ സ്ഥാപനം ഒരു വർഷത്തിലേറെയായി പൂട്ടിയിട്ടിരിക്കുകയാണെന്ന് സ്ഥലവാസികൾ അറിയിച്ചിട്ടുണ്ട്. ഇത്തിക്കരയിൽ സി.സി.ടി.വി യുടെ ഡി.വി.ആർ കണക്ഷൻ നൽകിയിട്ടുള്ള സമീപത്തെ സിമന്റ്

ഗോഡൗണിലെ ഉദ്യോഗസ്ഥർ അറിയിച്ചത് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ ആരും നാളിതുവരെയും പരിശോധനയ്ക്ക് വന്നിട്ടില്ലായെന്നാണ്. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭിച്ച മറുപടിയിൽ ഡി.വി.ആർ കണക്ഷൻ നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ലഭ്യമാക്കിയത്.

പദ്ധതി നിർവഹണം നടത്തി രണ്ട് വർഷത്തിലേറെയായിട്ടും യാതൊരു തുടർ നിരീക്ഷണവും ഇല്ലാത്തത് തികച്ചും നിരുത്തരവാദപരമാണ്. പദ്ധതി ആവിഷ്കരിച്ചത് തന്നെ മാലിന്യ നിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടെയായിരുന്നുവെങ്കിലും ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് നടപടികളുണ്ടായിട്ടില്ല. സി.സിറ്റി.വി ക്യാമറ സ്ഥാപിച്ച ഇടങ്ങളിൽ മാലിന്യ കൂമ്പാരമാണ്. നാളിതുവരെയും ഈ ഭാഗങ്ങളിലൊന്നും അധികൃതരുടെ ശ്രദ്ധ പതിഞ്ഞിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. മേൽക്കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 2,74,705/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യമായ ആസൂത്രണത്തോടെ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തിയാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

വിനിയോഗ സാക്ഷ്യപത്രം പ്രകാരം ബാക്കി വന്ന തുക തിരികെ ഈടാക്കാൻ നാളിതുവരെയും നടപടികൾ സ്വീകരിക്കാത്തതിനാൽ ഈയിനത്തിൽ ഒടുക്കു വരുത്തിയ 25,297/-രൂപ നിരാകരിക്കുന്നു. പദ്ധതിലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. 25297/-രൂപ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.12/12.1.2022, 2/6.1.2022

1-21 എസ്.എസ്.എ വിഹിതം - തുടർ നിരീക്ഷണമില്ല.

പദ്ധതി- എസ്.0006/20- എസ്.എസ്.എ വിഹിതം

അടങ്കൽ- 10,00,000/-രൂപ (വികസന ഫണ്ട് – ജനറൽ )

ചെലവ്- 10,00,000/-രൂപ (ബിൽ നം.4/19-20, 4/8/2019)

നിർവഹണം- സെക്രട്ടറി

എസ്.എസ്.എ യുടെ S.S.A2/576/2020, 22.6.2020 നം. സാക്ഷ്യപത്രം പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ എൽ.പി/യു.പി സ്കൂളുകളിൽ ചുവടെ പരാമർശിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം |
|---|
| മീഡിയ & കമ്മ്യൂണിറ്റി മൊബിലൈസേഷൻ |
| ട്രെയിനിംഗ് ഫോർ എസ്.എം.സി |
| ക്വാളിറ്റി കംപോണന്റ്സ് |
| ഇന്നൊവേറ്റീവ് ആക്റ്റിവിറ്റീസ് |
| ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാംസ് |
| ശസ്ത്രോത്സവ് |
| ലൈബ്രറി |
| പ്രോജക്റ്റ്സ് – ഗേൾസ് എംപവർമെന്റ് |
| സെൽഫ് ഡിഫൻസ് ട്രെയിനിംഗ് |

മേൽ പരാമർശിച്ച ഇനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഏതൊക്കെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന വിവരവും, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിരീക്ഷണ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.2/6.1.2022) മറുപടിയായി തൻവർഷം കൊല്ലം ജില്ലയിൽ എസ്.എസ്.എ നടത്തിയ പ്രവർത്തനങ്ങളുടെ ബ്രോഷർ മാത്രമാണ് ലഭ്യമാക്കിയത്. വികസന ഫണ്ടുപയോഗിച്ച് ആവിഷ്കരിക്കുന്ന പദ്ധതികളുടെ നിരീക്ഷണം ശരിയായവിധം നടപ്പാക്കേണ്ടതും പദ്ധതിയുടെ പ്രയോജനം ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കും അത് വഴി പഠിതാക്കൾക്കും ലഭിക്കുന്നുവെന്ന് പദ്ധതിനിർവ്വഹണാധികാരി ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-22 മൊബൈൽ ടവറുകളുടെ വസ്തു നികുതി - കുടിശ്ശിക ബാക്കി നിൽക്കുന്നു

പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകൾ നിലവിലുണ്ട്. ഇവയിൽ 2 മൊബൈൽ ടവറുകളുടെ വസ്തുനികുതിയിൽ കുടിശ്ശിക നിലനിൽക്കുന്നു.

കുടിശ്ശിക വരുത്തിയിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ടവർ നം: | ഉടമസ്ഥന്റെ പേര് | മൊബൈൽ ടെലഫോൺ ടവറിന്റെ ആകെ വിസ്തീർണം(ച.മീ) | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക (രൂപ) |
|---|---|---|---|---|
| 6/718 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 24 | 2013-14 മുതൽ 2019-20 വരെ | 70,560/- |
| 13/840 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 20 | 2013-14 രണ്ടാം അർദ്ധവർഷം മുതൽ 2019-20 വരെ | 75,854/- |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കി ഒടുക്ക് വരുത്തിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 14/12.01.22

1-23 കാലിബാരൽ വില ഈടാക്കിയത് സഞ്ചിത നിധിയിൽ ഒടുക്കിയിട്ടില്ല.

റോഡ് റീടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ, ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ (കി.ഗ്രാം.) | | | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില(ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|---|---|
| | VG 30 | RS1 | SS1 | | രൂ 281/-നിരക്കിൽ |
| പ്രോജക്റ്റ് നം.:120/20<br>പ്രവൃത്തിയുടെ പേര്: കോയിപ്പുറം തുരുത്ത് കായൽ റോഡ് റോഡ്റീടാറിംഗ്<br>അടങ്കൽ:5,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/19/AE/LSGD /ADNR/18-19 DTD.14.08.18<br>എം.ബുക്ക്നം.: 46/18-477406/-രൂപ<br>ബിൽ നം.: 8/20.05.19-78210 /-&12/29.08.19-399196/- | 1861.69 | 189.38 | 63. 75 | | |
| പ്രോജക്റ്റ് നം.:117/20(സ്പിൽഓവർ)<br>പ്രവൃത്തിയുടെ പേര്: ആല്ലുംമൂട് മുക്കിൽനിന്നും സെന്റ് ജോർജ് ചർച്ച് വഴി കറ്റാടിമുക്കിലേയ്ക്ക് റോഡ് റീടാറിംഗ്<br>അടങ്കൽ: 5,00,000/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/20/AE/LSGD | 4082.606 | 421.875 | | | |

| | | | | | |
|---|---|---|---|---|---|
| /ADNR/18-19DTD.14.08.18<br>എം.ബുക്ക്നം.:69/18-19<br>ചെലവ്: 499588/-രൂപ<br>ബിൽ നം.: 05/20.05.19 | | | | | |
| പ്രോജക്റ്റ് നം.:115/19-20<br>പ്രവൃത്തിയുടെ പേര്: കോടിയാട്ട് ജം.ചരുവിൽപ്പുറം റോഡ് റീ ടാറിംഗ്.<br>അടങ്കൽ: 240000/-/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/34/AE/LSGD /ADNR/18-19DTD.16.08.18<br>എം.ബുക്ക്നം.: 73/18-19<br>ചെലവ്: 239654/-രൂപ<br>ബിൽ നം.: 4/20.05.19 | 1915.687 | 188.86 | | | |
| പ്രോജക്റ്റ് നം.: 119/19-20<br>പ്രവൃത്തിയുടെ പേര്: പള്ളി ശ്മശാനം റോഡ് മെയിന്റനൻസ്.<br>അടങ്കൽ: 200000/-/-<br>ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>കരാർനം.: AGMT/35/AE/LSGD /ADNR/18-19 DTD.16.08.18<br>എം.ബുക്ക്നം.: 70/18-19<br>ചെലവ്: 199604/-രൂപ<br>ബിൽ നം.: 3/20.05.19 | 1622.73 | 165.42 | | | |
| | 9482.713 | 965.535 | 63.75 | 59+5+1 | 18265/- |
| ആകെ | | | | | |

മേൽസൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 18265/-രൂപ 10.01.22ലെ രസീത് നം.12101056 പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക സഞ്ചിതനിധിയിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള സാമൂഹ്യ ആസ്തികളുടെ നിർമ്മാണം - പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധനസാമഗ്രികൾ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ആർജിക്കുന്നതിൽ വീഴ്ച വരുത്തി.

സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ലക്ഷ്യമാക്കി അർദ്ധ വാർഷിക കാലഘട്ടത്തിൽ നിർവഹണം നടത്തേണ്ട പ്രവൃത്തികൾ തെരഞ്ഞെടുക്കണമെന്നും പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു കഴിഞ്ഞാൽ എസ്റ്റിമേറ്റും അർദ്ധവാർഷിക പ്രൊക്യൂർമെന്റ് പ്ലാനും തയ്യാറാക്കണമെന്നും ഇപ്രകാരം തയ്യാറാക്കപ്പെടുന്ന അർദ്ധവാർഷിക പ്രൊക്യൂർമെന്റ് പ്ലാനിനെ ആധാരമാക്കി മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ സാധനസാമഗ്രികളുടെ വാങ്ങലിനുള്ള നടപടികൾ സ്വീകരിക്കണമെന്നും 31.03.12ലെ സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ.ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ നിർവഹണം നടത്തിയ പ്രവൃത്തികൾക്കോരോന്നിനും പ്രത്യേകം ടെണ്ടർ നടപടികളിലൂടെ സാധനസാമഗ്രികൾ വാങ്ങി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | പ്രവൃത്തിക്കായി ചെലവഴിച്ച തുക(രൂപ) | സാധനസാമഗ്രികളുടെ സമാഹരണ വിവരങ്ങൾ | | | | | സാധന സാമഗ്രികൾക്കായി ചെലവഴിച്ച തുക |
|---|---|---|---|---|---|---|---|---|
| | | | ഇനം | അളവ് | നിരക്ക് | സമാഹരണ രീതി | കരാറുകാരൻ | |

| | | | | | | | | (രൂപ) |
|---|---|---|---|---|---|---|---|---|
| 1 | റോഡ് കോൺക്രീറ്റ് വാർഡ് 6 Rc 257947 | 146395/- | 40mm | 11 $M^3$ | 2067 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ0.001% കുറവ് | രാജീവ്കുമാർ, ഞാറവിള തെക്കതിൽ, ആദിച്ചനല്ലൂർ | 115826/- |
| | | | 20mm | 9.8 $M^3$ | 2147 | | | |
| | | | M Sand | 11.70 $M^3$ | 2147 | | | |
| | | | Cement | 112 Bag | 419 | | | |
| 2 | റോഡ് കോൺക്രീറ്റ് വാർഡ് 7 Rc 257930 | 260561/- | 40mm | 20 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | റിയാസ്, റിയാസ് മൻസിൽ, വെളിച്ചിക്കാല | 211491/- |
| | | | 20mm | 17.8$m^3$ | 2150 | | | |
| | | | M Sand | 21.50 $M^3$ | 2150 | | | |
| | | | Cement | 204 Bag | 420 | | | |
| 3 | റോഡ് കോൺക്രീറ്റ് വാർഡ് 3 Rc 257912 | 147207/- | 40mm | 10.9 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | റിയാസ്, റിയാസ് മൻസിൽ, വെളിച്ചിക്കാല | 114343/- |
| | | | 20mm | 9.6 $M^3$ | 2150 | | | |
| | | | M Sand | 11.6 $M^3$ | 2150 | | | |
| | | | Cement | 110 Bag | 420 | | | |
| 4 | റോഡ് കോൺക്രീറ്റ് വാർഡ് 12 Rc 257949 | 144341/- | 40mm | 10.5 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | ഷാനവാസ്, ആമിനാ ഹൌസ്, കൊട്ടിയം | 114376/- |
| | | | 20mm | 9.3 $M^3$ | 2150 | | | |
| | | | M Sand | 11.2 $M^3$ | 2150 | | | |
| | | | Cement | 106 Bag | 420 | | | |
| | | | 10mm | 1.7 | 2380 | | | |
| 5 | റോഡ് കോൺക്രീറ്റ് വാർഡ് 15 Rc 257925 | 125820/- | 40mm | 8.60 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | ഷാനവാസ്, ആമിനാ ഹൌസ്, കൊട്ടിയം | 90861/- |
| | | | 20mm | 7.60 $M^3$ | 2150 | | | |
| | | | M Sand | 9.19 $M^3$ | 2150 | | | |
| | | | Cement | 88 Bag | 420 | | | |
| 6 | റോഡ് കോൺക്രീറ്റ് വാർഡ് 16 Rc 257908 | 124069/- | 40mm | 12.20 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | ഷാനവാസ്, ആമിനാ ഹൌസ്, കൊട്ടിയം | 95464/- |
| | | | 20mm | 10.80 $M^3$ | 2150 | | | |
| | | | M Sand | 13 $M^3$ | 2150 | | | |
| | | | Cement | 34 Bag | 420 | | | |
| | | | 10mm | 2 $M^3$ | 2380 | | | |
| 7 | റോഡ് കോൺക്രീറ്റ് വാർഡ് 18 Rc 257995 | 161397/- | 40mm | 10.57 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | ഷാനവാസ്, ആമിനാ ഹൌസ്, കൊട്ടിയം | 126028/- |
| | | | 20mm | 10.62 $M^3$ | 2150 | | | |
| | | | M Sand | 12.10 $M^3$ | 2150 | | | |
| | | | Cement | 119.50 Bag | 420 | | | |
| | | | 10mm | 2.20$m^3$ | 2380 | | | |
| 8 | റോഡ് കോൺക്രീറ്റ് വാർഡ് 2 Rc 279307 | 189437/- | 40mm | 13.81 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | ഷാനവാസ്, ആമിനാ ഹൌസ്, കൊട്ടിയം | 150012/- |
| | | | 20mm | 12.20 $M^3$ | 2150 | | | |
| | | | M Sand | 14.70 $M^3$ | 2150 | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | Cement | 139 Bag | 420 | | | |
| | | | 10mm | 2.33 $M^3$ | 2380 | | | |
| 9 | റോഡ് കോൺക്രീറ്റ് വാർഡ് 10 Rc 257921 | 120822/- | 40mm | 8.4$m^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | റിയാസ്, റിയാസ് മൻസിൽ, വെളിച്ചിക്കാല | 95673/- |
| | | | 20mm | 7.49 $M^3$ | 2150 | | | |
| | | | M Sand | 9.02 $M^3$ | 2150 | | | |
| | | | Cement | 86 Bag | 420 | | | |
| | | | 10mm | 1.43 $M^3$ | 2380 | | | |
| 10 | റോഡ് കോൺക്രീറ്റ് വാർഡ് 9 Rc 257952 | 250663/- | 40mm | 16.09 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | റിയാസ്, റിയാസ് മൻസിൽ, വെളിച്ചിക്കാല | 198712/- |
| | | | 20mm | 18.18 $M^3$ | 2150 | | | |
| | | | M Sand | 19.37 $M^3$ | 2150 | | | |
| | | | Cement | 185 Bag | 420 | | | |
| | | | 10mm | 3.07 $M^3$ | 2380 | | | |
| 11 | റോഡ് കോൺക്രീറ്റ് വാർഡ് 13 Rc 257992 | 352555/- | 40mm | 25.3 $M^3$ | 2070 | ടെണ്ടർ എസ്റ്റിമേറ്റ് നിരക്ക് | ഷാനവാസ്, ആമിനാ ഹൌസ്, കൊട്ടിയം | 276097/- |
| | | | 20mm | 22.4 $M^3$ | 2150 | | | |
| | | | M Sand | 27 $M^3$ | 2150 | | | |
| | | | Cement | 256 Bag | 420 | | | |
| | | | 10mm | 4.2 $M^3$ | 2380 | | | |

അർദ്ധവാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ സാധനസാമഗ്രികൾ ആർജിച്ച് പൊതുപ്പണത്തിന്റെ വിനിയോഗത്തിൽ മിതത്വം പാലിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ - തുടർ നിരീക്ഷണമില്ല - പദ്ധതിപ്പണം പാഴ്ച്ചെലവാകുന്നു.

പദ്ധതി – എസ്.0148/20- ഹോമിയോ ആശുപത്രി, മൈലക്കാട് ഇറക്കം, ഇത്തിക്കര – ക്യാമറ സ്ഥാപിക്കൽ
അടങ്കൽ- 3,00,000/-രൂപ ( സി.എഫ്.സി ഗ്രാന്റ്)
ചെലവ്- 3,00,000/-രൂപ (ബിൽ നം.27/19-20, 22.1.2020
നിർവഹണം- സെക്രട്ടറി

ആദിച്ചനല്ലൂർ, മൈലക്കാട് ഇറക്കം, ഇത്തിക്കര എന്നിവിടങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി ക്യാമറ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ റൂറൽ സബ് ഡിവിഷൻ, തിരുവനന്തപുരം, എ.ഇ യുടെ

E.R.E1/1218/2019 നം. എസ്റ്റിമേറ്റ് പ്രകാരം 3,00,000/-രൂപ ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. A1/1147/ED TVM/2020, 4.1.2020 നം. വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2,74,705/-രൂപയാണ് ആകെ ചെലവ്. ബാക്കി തുകയായ 25,297/-രൂപ തിരികെ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് തിരികെ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുമില്ല.

2. ഹോമിയോ ആശുപത്രിക്ക് സമീപം, ഇത്തിക്കര പാലം, മൈലക്കാട്, കണ്ണനല്ലൂർ റോഡ്, തഴുത്തല ഗവ.ഹോസ്പിറ്റൽ എന്നിവിടങ്ങളിലാണ് എസ്റ്റിമേറ്റ് പ്രകാരം ക്യാമറ സ്ഥാപിച്ചിട്ടുള്ളത്. സി.സി.റ്റി.വി ക്യാമറാ സംവിധാനത്തിന്റെ മോണിറ്ററിംഗ്, നിരീക്ഷണ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല.

3. നിരീക്ഷണ ക്യാമറ സ്ഥാപിച്ച മൈലക്കാട് ഇറക്കം, ഇത്തിക്കര എന്നീ സ്ഥലങ്ങളിൽ 10.1.2022 തീയതിയിൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ മൈലക്കാട് ഇറക്കം ഭാഗത്ത് സി.സി.ടി.വി യുടെ ഡി.വി.ആർ കണക്ഷൻ നൽകിയിട്ടുള്ള സമീപത്തെ വെൽഡിംഗ് വർക് ഷോപ്പ് പൂട്ടിയിട്ടിരിക്കുന്ന നിലയിൽ കണ്ടെത്തി. ഈ സ്ഥാപനം ഒരു വർഷത്തിലേറെയായി പൂട്ടിയിട്ടിരിക്കുകയാണെന്ന് സ്ഥലവാസികൾ അറിയിച്ചിട്ടുണ്ട്. ഇത്തിക്കരയിൽ സി.സി.ടി.വി യുടെ ഡി.വി.ആർ കണക്ഷൻ നൽകിയിട്ടുള്ള സമീപത്തെ സിമന്റ് ഗോഡൗണിലെ ഉദ്യോഗസ്ഥർ അറിയിച്ചത് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ ആരും നാളിതുവരെയും പരിശോധനയ്ക്ക് വന്നിട്ടില്ലായെന്നാണ്. ഇത് സംബന്ധിയായി നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭിച്ച മറുപടിയിൽ ഡി.വി.ആർ കണക്ഷൻ നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ലഭ്യമാക്കിയത്.

പദ്ധതി നിർവഹണം നടത്തി രണ്ട് വർഷത്തിലേറെയായിട്ടും യാതൊരു തുടർ നിരീക്ഷണവും ഇല്ലാത്തത് തികച്ചും നിരുത്തരവാദപരമാണ്. പദ്ധതി ആവിഷ്കരിച്ചത് തന്നെ മാലിന്യ നിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടെയായിരുന്നുവെങ്കിലും ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് നടപടികളുണ്ടായിട്ടില്ല. സി.സിറ്റി.വി ക്യാമറ സ്ഥാപിച്ച ഇടങ്ങളിൽ മാലിന്യ കൂമ്പാരമാണ്. നാളിതുവരെയും ഈ ഭാഗങ്ങളിലൊന്നും അധികൃതരുടെ ശ്രദ്ധ പതിഞ്ഞിട്ടില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. മേൽക്കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 2,74,705/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യമായ ആസൂത്രണത്തോടെ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തിയാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

വിനിയോഗ സാക്ഷ്യപത്രം പ്രകാരം ബാക്കി വന്ന തുക തിരികെ ഈടാക്കാൻ നാളിതുവരെയും നടപടികൾ സ്വീകരിക്കാത്തതിനാൽ ഈയിനത്തിൽ ഒടുക്കു വരുത്തിയ 25,297/-രൂപ നിരാകരിക്കുന്നു. പദ്ധതിലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. 25297/-രൂപ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം.12/12.1.2022, 2/6.1.2022

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 19-20 | 10.01.2022 | കെ.എസ്.എ.കെ.എൽ.എം.പി.5/205/22 തീയതി. 22.05.22 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 19-20 | 300000/- | ലൈഫ് വീട് ജനറൽ | 300000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 19-20 | 219997/- | ലൈഫ് വീട് എസ്.സി | 219997/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 200000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 200000/- | 0 |
| ജില്ലാ പഞ്ചായത്ത് | 19-20 | 180000/- | അംഗൻവാടി പോഷകാഹാരം ജനറൽ | 180000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 250000/- | ഭിന്നശേഷിക്കാരായ സ്കൂളിൽ പോകുന്ന കുട്ടികളുടെ സ്കോളർഷിപ്പ് | 250000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 200000/- | ബി.ആർ.സി നടത്തിപ്പും അനുബന്ധ ചെലവുകളും | 200000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 150000/- | പറങ്കിമാംവിള റോഡ് കോൺക്രീറ്റിംഗ് | 150000/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 43,24,000/-രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. 43,24,000/-രൂപയിൽ 43,24,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | സ.ഉ.(സാധാ)2278/തസ്വഭവ, തീ. 18.8.18 | 43,24,000/- | 1,02,36,000/- | 867147/- | | 1,36,92,353/- |

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 3000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000/- |

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3 | 2007-08 | 3-8-1 | അക്ഷയപദ്ധതി പരാജയം | ഗവ. നിർദേശം ഉണ്ടാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ അക്ഷയ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25,297/- | ശ്രീ.ബിജു.സി.നായർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 53,117/- | ശ്രീ.ബിജു.സി.നായർ, സെക്രട്ടറി |
| 1-19 | 3,85,000/- | ശ്രീ.ബിജു.സി.നായർ, സെക്രട്ടറി |
| 1-20 | 2,74,705 | ശ്രീ.ബിജു.സി.നായർ, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു.സി.നായർ, സെക്രട്ടറി | പി.എ.യു, ചാത്തന്നൂർ | ശ്രീകൌസ്തുഭം, മുഖത്തല പി.ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | കെ എസ് എ-കെ എൽ എം/പി5/414(5)/18, തീ. 26.2.18 |
| 2002-03 | കെ എസ് എ-കെ എൽ എം/പി5/414(6)/18, തീ. 26.2.18 |
| 2005-06 | കെ എസ് എ-കെ എൽ എം/പി 5/414(8)/18, തീ. 26.2.18 |
| 2006-07 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2007-08 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2008-09 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2009-10 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2010-11 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 |
| 2011-12 | എൽ എഫ് ക്യൂ പി 1/553/14, തീ.1-04-14 |
| 2012-13 | എൽ എഫ് ക്യൂ പി 1/879/14, തീ.23-03-15 |
| 2013-14, 2014-15 | കെ എസ് എ-കെ എൽ എം/പി 1/508/16, തീ. 4.4.16 |
| 2015-16 | കെ എസ് എ-കെ എൽ എം/പി 8/1901/16, തീ. 31.12.16 |

| | |
|---|---|
| 2016-17 | കെ എസ് എ-കെ എൽ എം/പി 5/1244/17, തീ. 10.7.17/31.7.17 |
| 2017-18 | കെ എസ് എ-കെ എൽ എം/പി 5/1844/18, തീ. 11.03.19 |
| 2018-19 | കെ എസ് എ-കെ എൽ എം/പി 5/317/2020, തീ. 22/05/2020 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ അദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ അദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്